**Annexure 2 (Matter for English translation)**

# സ്കൂൾ ലീഡർഷിപ്പ് അക്കാദമി, കേരളം

## ആമുഖം

സംസ്ഥാനത്തെ സ്കൂൾവിദ്യാഭ്യാസം അഭൂതപൂർവമായ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിക്കുകയാണ്. പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിലൂടെ പൊതുവിദ്യാലങ്ങളുടെ മുഖഛായ മാറ്റാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അക്കാദമികരംഗത്തും അടിസ്ഥാനസൗകര്യങ്ങളുടെ കാര്യത്തിലും മുന്നേറ്റം സൃഷ്ടിക്കാൻ നമുക്കു കഴിഞ്ഞു. എന്നാൽ ഇനിയും ഏറെ മുന്നോട്ടു പോകേണ്ട മേഖലകൾ ഉണ്ട്. ഇതുവരെ കൈവരിച്ച നേട്ടങ്ങളെ നിലനിറുത്താനും നമുക്ക് കഴിയണം. ശക്തമായ സ്കൂൾ നേതൃത്വം അനിവാര്യമായിത്തീരുന്നത് ഇവിടെയാണ്. വിദ്യാഭ്യാസഅവകാശ നിയമത്തിന്റെ ഭാഗമായ തുല്യതയിൽ ഊന്നിയ സ്കൂൾ പ്രാപ്യത, ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിനുള്ള അവകാശം, ആനന്ദകരമായ പഠനാന്തരീക്ഷത്തിനുള്ള അവകാശം തുടങ്ങിയവയുടെ പശ്ചാത്തലത്തിൽ ഫലപ്രദവും ശാസ്ത്രീയവുമായ സ്കൂൾ ലീഡർഷിപ്പ് കൂടുതൽ പ്രസക്തമായിത്തീരുന്നു. പരിമിതമായ വിഭവങ്ങൾ കൊണ്ട് പ്രയാസകരമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കേണ്ടിവരുകയും രക്ഷകർത്താക്കളുടെയും സമൂഹത്തിന്റെയും വർധിച്ച അഭിലാഷങ്ങളെ തൃപ്തിപ്പെടുത്തേണ്ടിവരുകയും ചെയ്യുന്ന സാഹചര്യത്തിൽ വിദ്യാലയനേതൃത്വം നൂതനമായ പ്രവർത്തനപന്ഥാവുകൾ തേടേണ്ടിവരുന്നു. ഇത്തരമൊരു പശ്ചാത്തലത്തിൽ ഗവേഷണാത്മകമായ പ്രശ്നപരിഹാരങ്ങൾ തേടുന്ന സംവിധാനങ്ങളും പ്രക്രിയയും അടങ്ങിയ നേതൃത്വപരിശീലനസംവിധാനം കൊണ്ട് അധ്യാപകരെയും സ്കൂൾ നേതൃത്വത്തെയും വിദ്യാർത്ഥികളെയും മറ്റ് നേതൃഘടകങ്ങളെയും സമ്പുഷ്ടമാക്കേണ്ടിവരുന്നു.

ദേശീയതലത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷണൽ പ്ലാനിങ് ആന്റ് അഡ്മിനിസ്ട്രേഷന്റെ (NIEPA) ഭാഗമായി നാഷണൽ സെന്റർ ഫോർ സ്കൂൾ ലീഡർഷിപ്പ് (NCSL)ന് രൂപം നൽകിയിട്ടുണ്ട്. ഇതിനു സമാനമായി സംസ്ഥാനതലത്തിൽ സീമാറ്റ്-കേരളയുടെ ഭാഗമായി സ്കൂൾ ലീഡർഷിപ്പ് അക്കാദമി-കേരള (SLAK) രൂപീകരിക്കാൻ സർക്കാർ അനുമതി നൽകിയിരിക്കുന്നു.

## ഉദ്ദേശ്യങ്ങൾ

- ശാരീരികവും മാനസികവും സാമൂഹികവുമായ വ്യത്യസ്തതകളുള്ള സംസ്ഥാനത്തെ എല്ലാ കുട്ടികൾക്കും ഗുണനിലവാരമുള്ളതും അനുയോജ്യവുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി സ്കൂൾ അന്തരീക്ഷത്തിലും അക്കാദമിക പ്രവർത്തനങ്ങളിലും സാമൂഹിക വ്യവഹാരങ്ങളിലും ഫലപ്രദമായി ഇടപെടാൻ കഴിയുന്ന സ്കൂൾ നേതൃനിര വികസിപ്പിക്കുക.
- സാമൂഹികവും ഭൂമിശാസ്ത്രപരവുമായ സവിശേഷകൾ കണക്കിലെടുത്ത് വൈവിധ്യമുള്ള നൈപുണികൾ സ്കൂൾ നേതൃത്വത്തിൽ വികസിപ്പിക്കുക.
- പഴക്കമുള്ളതും സമഗ്രവുമായ നേതൃത്വപരിശീലനം മുന്നിൽ കണ്ടുകൊണ്ടുള്ള പ്രവർത്തന പദ്ധതി വികസിപ്പിക്കുക.

- ആകസ്മികമോ സവിശേഷമോ ആയ സന്ദർഭങ്ങളിൽ ഫലപ്രദമായ ഇടപെടൽ നടത്തുന്നതിന് സ്കൂൾ നേതൃത്വത്തെ സജ്ജമാക്കുന്ന മാർഗനിർദ്ദേശങ്ങൾ വികസിപ്പിക്കുക.
- പ്രായോഗികാനുഭവങ്ങളിലൂടെ കരുത്തുറ്റതും ഗവേഷണാത്മകവുമായ ഭരണനിർവഹണത്തിനു വേണ്ട കാഴ്ചപ്പാട് സ്കൂൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നവരിൽ വികസിപ്പിക്കുക.
- സ്കൂളിനുള്ളിൽ പ്രവർത്തിക്കുന്ന വിവിധ നേതൃത്വങ്ങൾക്ക് (SMC, SMDC, PEC, PTA, MPTA, SRG) സ്കൂളിന്റെ ഗുണനിവാരം ഉയർത്തുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുന്നതിനു വേണ്ട പരിശീലനം നൽകുക.
- പഠനബോധന പ്രവർത്തനങ്ങളുടെ ആസൂത്രണവും മോണിറ്ററിംഗും സമൂഹബന്ധപ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവഹണവും അധ്യാപകരുടെ നൈപുണിവികാസം വിദ്യാർത്ഥികളുടെ വ്യക്തിത്വ വികാസം തുടങ്ങിയവ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിന് സ്കൂൾ നേതൃത്വത്തെ ശക്തിപ്പെടുത്തുക.
- സ്കൂൾ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ ഏകോപനം സാധ്യമാകുന്ന വിധത്തിൽ കാര്യക്ഷമമായ ഒരു നേതൃനിര വികസിപ്പിച്ചുകൊണ്ട് വിദ്യാലയപരിവർത്തനം സാധ്യമാക്കുക.
- സ്കൂൾ നേതൃത്വവുമായി ബന്ധപ്പെട്ട് വ്യത്യസ്ത മേഖലകളിലെ അനുഭവപാഠങ്ങൾ പങ്കുവയ്ക്കുകയും വിലയിരുത്തുകയും ചെയ്യുക.
- ദേശീയ-അന്തർദേശീയ ഏജൻസികളുമായി സഹകരിച്ച് നേതൃത്വപരിശീലനങ്ങൾ സംഘടിപ്പിക്കുകയും നേതൃത്വമാതൃകകൾ പങ്കുവയ്ക്കുകയും ചെയ്യുക.
- വിദ്യാഭ്യാസ നേതൃത്വവുമായി ബന്ധപ്പെട്ട് ചിട്ടയായ പഠനവും ഗവേഷണവും നടത്തുന്ന സംവിധാനക്രമം രൂപപ്പെടുത്തുക.
- സ്കൂൾ വിദ്യാഭ്യാസ നേതൃത്വവുമായി ബന്ധപ്പെട്ട വ്യത്യസ്ത മാതൃകകൾ ശേഖരിക്കുകയും വിശകലനം ചെയ്യുകയും പങ്കുവയ്ക്കുകയും ചെയ്യുന്നതിന് സുസജ്ജമായ ഒരു കേന്ദ്രം രൂപപ്പെടുത്തുക.
- നേതൃത്വപരമായ നൂതനമാതൃകകളും ആശയങ്ങളും വികസിപ്പിച്ച് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുകയും ഫലപ്രാപ്തി വിലയിരുത്തി വ്യാപിപ്പിക്കുകയും ചെയ്യുക.
- നേതൃത്വപരമായ അനുഭവങ്ങളുടെ വെളിച്ചത്തിൽ സ്കൂൾ പാഠ്യപദ്ധതി ശക്തിപ്പെടുത്തുന്നതിനു സഹായകമായ നിർദേശങ്ങൾ രൂപപ്പെടുത്തി ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറുക.
- നേതൃത്വപരമായ അനുഭവങ്ങളുടെ വെളിച്ചത്തിൽ സ്കൂൾ ഭരണവുമായി ബന്ധപ്പെട്ട നയങ്ങൾ, ചട്ടങ്ങൾ, നടപടിക്രമങ്ങൾ തുടങ്ങിയവയിൽ മെച്ചപ്പെടുത്തലുകൾ വരുത്തുന്നതിനു സഹായകമായ ശുപാർശകൾ വികസിപ്പിക്കുക.
- നേതൃത്വപരമായ മികവിലൂടെ മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന വിദ്യാലയങ്ങൾക്കും വിദ്യാഭ്യാസഘടകങ്ങൾക്കും (ബി.ആർ.സി., എ.ഇ.ഒ., ഡി.ഇ.ഒ. തുടങ്ങിയവ) പ്രോത്സാഹനവും പിന്തുണയും നൽകുക.